കായനാട് ഐ.സി.ഡി.പി. സബ് സ്റ്റേഷൻ

124 [2113] ശ്രീ. ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവ്വാറ്റുപുഴ നിയോജക മണ്ഡലത്തിലെ മാറാടി പഞ്ചായത്തിലെ കായനാട് ഐ.സി.ഡി.പി. സബ് സെൻറർ അനുവദിച്ചുകൊണ്ട് ഉത്തരവുണ്ടായിട്ടും ഇന്നേവരേയും സെൻറർ ആരംഭിക്കുവാൻ കഴിയാതെ വന്നതെന്തുകൊണ്ടാണ്;

(ബി) ഇവിടെ എന്നത്തേക്ക് സബ് സെൻറർ പ്രവർത്തനം തുടങ്ങുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൂവ്വാറ്റുപുഴ നിയോജക മണ്ഡലത്തിലെ മാറാട് പഞ്ചായത്തിൽ കായനാട് പുതുതായി ഐ.സി.ഡി.പി. സബ് സെൻറർ അനുവദിച്ചിട്ടില്ല. എന്നാൽ കോട്ടപ്പടി പഞ്ചായത്തിലെ പ്രവർത്തനക്ഷമമല്ലാത്ത പ്ലാമുടി ഐ.സി.ഡി.പി. സബ്സെൻറർ അവിടേക്ക് മാറ്റാനാകുമോ എന്ന് പരിശോധിച്ചെങ്കിലും പഞ്ചായത്ത് അധികൃതരുടെ സമ്മതം ഇതിന് ലഭിച്ചില്ല.

(ബി) സംസ്ഥാനത്ത് പുതുതായി ഐ.സി.ഡി.പി. സബ് സെൻററുകളൊന്നും ആരംഭിക്കുവാൻ ഉദ്ദേശമില്ല.

ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനം

125 [2114] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലുകളുടെ പ്രവർത്തനത്തിനുവേണ്ടി ഏതെല്ലാം രീതിയിലുള്ള സഹായങ്ങളാണ് നൽകിവരുന്നത് എന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വി.എഫ്.പി.സി.കെ.-യുടെ പ്രവർത്തനംമൂലം സംസ്ഥാനത്തെ പഴം, പച്ചക്കറിയുടെ ഉൽപ്പാദനത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായി എന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി രൂപീകരിച്ച കാർഷിക സംഘങ്ങൾക്ക് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിലെ പഴം, പച്ചക്കറി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കാനും അവരുടെ ജീവിത സാഹചര്യങ്ങളും മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കെ. എച്ച്. ഡി. പി.-യുടെ പങ്കാളിത്ത വികസന മാതൃക പദ്ധതി പ്രകാരം 2002-03-ൽ 130 ലക്ഷം രൂപയും 2003-04-ൽ 195.5 ലക്ഷം രൂപയും 2004-05-ൽ 365 ലക്ഷം രൂപയും കൃഷി വകുപ്പ് മുഖേന വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന് നൽകിയിട്ടുണ്ട്. വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിൻെറ പ്രവർത്തനം കാസർഗോഡ് ജില്ലയ്ക്കും മറ്റു ജില്ലകളിലെ തുടർ പ്രവർത്തനത്തിനുമായി 2005-06-ൽ 4 കോടി രൂപയും വക കൊള്ളിച്ചിട്ടുണ്ട്. വെജിറ്റബിൾ ആൻറ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിൻെറ പ്രവർത്തനം കേരളത്തിലെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു കഴിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വി. എഫ്. പി. സി. കെ.-യുടെ പ്രവർത്തനം മൂലം സംസ്ഥാനത്ത് പഴം, പച്ചക്കറിയുടെ ഉൽപ്പാദനം ഏകദേശം 50 ശതമാനത്തോളം വർദ്ധിച്ചിട്ടുണ്ട് എന്ന് കണക്കാക്കപ്പെടുന്നു.

(സി) വി. എഫ്. പി. സി. കെ. കേരളത്തിലെ പഴം, പച്ചക്കറി കർഷകർക്കായി ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായി സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കേരളത്തിൽ 154 സ്വാശ്രയ കർഷക സമിതികളെ വി.എഫ്. പി.സി. കെ.-യുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഉൽപ്പാദന മേഖലകളെ കേന്ദ്രീകരിച്ചിട്ടുള്ള ഈ സ്വാശ്രയ കർഷക സമിതികളെ കർഷകരുടെ ഉൽപ്പന്നങ്ങൾ ശേഖരിച്ച് കേരളത്തിലുടനീളവും കൂടാതെ എക്സ്പോർട്ട് എജൻസികൾക്കും വിപണനം നടത്തുന്നു. പ്രസ്തുത സമിതികൾക്ക് വി. എഫ്. പി. സി. കെ. അടിസ്ഥാന സൗകര്യങ്ങളായ ട്രാസ്, ഓഫീസ് ഉപകരണങ്ങൾ, ഫോൺ, കമ്പ്യൂട്ടർ, സ്ഥലം, കെട്ടിടം മുതലായ സൗകര്യങ്ങൾ നൽകി വരുന്നു. ഇതിനുംപുറമെ സംഘങ്ങൾക്ക് സഹായമായി ആവശ്യമായ ടെക്നിക്കൽ അഡൈസ്, ബാങ്ക് വായ്പ ഉറപ്പാക്കിക്കുക, ബാങ്ക് പലിശയ്ക്ക് രണ്ട് ശതമാനം ഇളവ് എന്നിവയും, ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ സഹായവും ചെയ്യുന്നു.

ഹോർട്ടികൾച്ചർ കോർപ്പറേഷന് കീഴിൽ കൊണ്ടോട്ടിയിൽ ഡിപ്പോയും വിൽപ്പനകേന്ദ്രവും ആരംഭിക്കുവാൻ നടപടി

126 [2115] ശ്രീ. കെ. എൻ. എ. ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വളരെ വിപുലമായ തോതിൽ പച്ചക്കറി കൃഷി ചെയ്യപ്പെടുന്ന കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ കൃഷിക്കാരുടേയും ഉപഭോക്താക്കളുടേയും താൽപര്യം പരിഗണിച്ച് ഹോർട്ടികൾച്ചർ കോർപ്പറേഷന് കീഴിൽ പച്ചക്കറി സംഭരിക്കുവാനും വിതരണം ചെയ്യുവാനും കൊണ്ടോട്ടി കേന്ദ്രമാക്കി ഒരു ഡിപ്പോയും വിൽപ്പന കേന്ദ്രവും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഞാറയ്ക്കൽ മണ്ഡലത്തിലെ പൊക്കാളി കൃഷിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം

127 [2116] ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ മണ്ഡലത്തിലെ പൊക്കാളി കൃഷി സ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly